Deshabhimani 28-12-18, p-13

# ചേനവിത്ത് ചെറിയ കഷണങ്ങളാക്കി നട്ട് വർധിപ്പിക്കാം

**നാടൻ ചേനയിനങ്ങൾക്ക് പുറമേ ഉൽപ്പാദന ക്ഷമതയുള്ള രണ്ട് ചേന ഇനങ്ങളാണ് ഇപ്പോൾ കർഷകരുടെയിടയിൽ പ്രചാരത്തിലുള്ളത്. ശ്രീ പത്മയും ശ്രീ ആതിരയുമാണിവ.**

എം കെ പി മാവിലായി

വിളവെടുത്ത ശേഷം രണ്ടുമാസക്കാലം വായുസഞ്ചാരമുള്ളിടത്ത് സൂക്ഷിച്ച ശേഷമാണ് ചേന നടാറുള്ളത്. ഈ രണ്ട് മാസക്കാലം ചേന സുക്ഷുപ്താവസ്ഥയിലായിരിക്കും. വിളവെടുപ്പ് കഴിഞ്ഞാൽ കിട്ടിയ വിളവിന്റെ 30 ശതമാനംവരെ അടുത്ത  കൃഷിക്കായി മാറ്റിവയ്ക്കേണ്ടി വരുന്നതുകൊണ്ട് ചേന കൃഷിയിൽനിന്നുള്ള ആദായം നന്നേ കുറഞ്ഞുപോകുന്നു. ഇപ്രകാരമുള്ള നഷ്ടം ഒഴിവാക്കാനായി ചേനയുടെ വശങ്ങളിൽ കാണുന്ന മുകുളങ്ങളോടുകൂടിയ ചെറിയ ഭാഗങ്ങളോ ചേന ചെറുകഷണങ്ങളാക്കിയോ ഭാവി നടീലിനായി വിത്തൊരുക്കാം. മാത്രമല്ല ഗവേഷണ സ്ഥാപനങ്ങളിൽനിന്നും മറ്റും ലഭിക്കുന്ന അപൂർവ ചേന വിത്തുകളെ ചെറുകഷണങ്ങളാക്കി വംശ വർധനവ് എളുപ്പം വർധിപ്പിക്കാനും ഈ രീതിയിലൂടെ സാധിക്കും.

നാടൻ ചേനയിനങ്ങൾക്ക് പുറമേ ഉൽപ്പാദന ക്ഷമതയുള്ള രണ്ട് ചേന ഇനങ്ങളാണ് ഇപ്പോൾ കർഷകരുടെയിടയിൽ പ്രചാരത്തിലുള്ളത്. ശ്രീ പത്മയും ശ്രീ ആതിരയുമാണിവ. രണ്ടും തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങു വർഗ ഗവേഷണ കേന്ദ്രത്തിന്റെ സംഭാവനയാണ്. വയനാട്ടിൽ നിന്നുള്ള നാടൻ ഇനത്തിൽനിന്ന്  നിർദാരണം വഴി ഉരുത്തിരിച്ചെടുത്തിട്ടുള്ളതാണ് ശ്രീ പത്മ. 1988ൽ ആണിത് പുറത്തിറക്കിയത്. ഒരു ഏക്കർ കൃഷിയിൽനിന്ന് 17 ടൺ വരെ വിളവ് ലഭിക്കും. രോഗകീട ബാധകളെ പ്രത്യേകിച്ചും മൊസേക്ക്, മൂട് ചീയൽ എന്നീ രോഗങ്ങളെ പ്രതിരോധിക്കാനുള്ള കഴിവുണ്ട്. നട്ട് ഒമ്പത് മാസംകൊണ്ട് വിളവെടുപ്പിനാകും. എഎം. 15, എഎം. 45 എന്നീ ഇനങ്ങളുടെ സങ്കരണത്തിലൂടെ ഉൽപ്പാദിപ്പിച്ചെടുത്തവയാണ് ശ്രീ ആതിര. 2010 ൽ പുറത്തിറക്കിയ ഈ ഇനത്തിന് വർധിച്ച രുചിയുണ്ടെന്ന ബഹുമതിയുണ്ട്. ഏക്കറിന് 16 ടൺ വരെയാണ് വിളവ്. നട്ട് പത്ത് മാസം കൊണ്ട് വിളവെടുപ്പിനാകും.

സാധാരണ രീതിയിൽ മുക്കാൽ മുതൽ ഒരു കിലോഗ്രാംവരെ തൂക്കംവരുന്ന

ചേനകളാണ് വിത്തിനായി ഉപയോഗിക്കുന്നത്. എന്നാൽ ഇവിടെ 75 മുതൽ 100ഗ്രാം വരെ തൂക്കമുള്ള കഷണങ്ങളാക്കിയാണ് നടീൽ വസ്തു ഒരുക്കുന്നത്. ഇത് നല്ല നീർവാർച്ചയും ജൈവാംശം അധികമുള്ളതും നനക്കാൻ സൗകര്യമുള്ളതുമായ ഭാഗത്ത് ഞാറ്റടി തയ്യാറാക്കി അതിൽ വളർത്തണം. ചെടികൾ തമ്മിൽ രണ്ടടിയും (60 സെ.മീ) വരികൾ തമ്മിൽ ഒന്നരയടിയും (45 സെ.മീ) അകലം കിട്ടത്തക്കവിധം നടണം. ഇങ്ങനെ വളർത്തിയ ഒരു ചെടിയിൽനിന്ന് 500 മുതൽ 700 ഗ്രാം വരെ വലുപ്പമുള്ള വിത്ത്



ചേനകൾ വിളവെടുപ്പോടെ ലഭിക്കും. ഇത് സംഭരിച്ച് അടുത്ത ചേന കൃഷിക്കുള്ള നടീൽ വസ്തുവായി ഉപയോഗിക്കുകയാണെങ്കിൽ ചേനക്യഷിയിൽ വിത്തിനായി മാറ്റിവയ്ക്കുന്ന ചെലവിൽ ഗണ്യമായ കുറവ് വരുത്താനും അതുവഴി ലാഭമുണ്ടാക്കാനും സാധിക്കും.

വിത്ത് ചേന കഷണങ്ങൾ നടുന്നതിന് മുമ്പ് രോഗ കീട വിമുക്തമാക്കുന്നതിന് ചാണകം, വേപ്പിൻ പിണ്ണാക്ക്, ട്രൈക്കോഡെർമ എന്നിവ ചേർത്ത് തയ്യാറാക്കിയ കുഴമ്പിൽ മുക്കി തണലത്തുവച്ച് ഉണക്കിയെടുക്കുന്നത് നല്ലതാണ്. (ഒരു കിലോ ചേന വിത്തിന് 20 ഗ്രാം വീതം  ട്രൈക്കോഡെർമ ഉപയോഗിക്കാം)

ചേനകൾ നടുന്നതിന് മൂന്നടി അകലം നൽകി കുഴികളെടുക്കാം. കുഴികൾക്ക് ഏതാണ്ട് രണ്ടടി (60 സെ.മീ) വീതം നീളവും, വീതിയും, ഒന്നരയടി (45 സെ.മീ) താഴ്ചയുമാകാം. മേൽമണ്ണിനോടൊപ്പം മൂന്ന് കി. ഗ്രാം പഴകിപ്പൊടിഞ്ഞ ചാണകവും ചേർത്ത് കുഴി മൂടണം. കുഴി ഒന്നിന് ഏതാണ്ട് 80 ഗ്രാം വീതം വേപ്പിൻ പിണ്ണാക്കും 250 ഗ്രാം വീതം ചാരവും ഇതോടൊപ്പം നൽകണം. നട്ട വിത്തു ചേനകൾക്ക് മുകളിൽ കരിയിലകൾ കൊണ്ട് പുതയിടണം.

തനി വിളയായി ചേന നടുന്നയിടങ്ങളിൽ  കാലവർഷത്തിന് തൊട്ടുമുമ്പ് പയർ വിതച്ച് രണ്ട് മാസമാകുന്നതോടെ അവ പറിച്ചെടുത്ത് ചേനയുടെ കടയ്ക്കൽ ഇട്ട് മൂടുന്നത് മണ്ണിന്റെ ജൈവ സമ്പത്ത് വർധിപ്പിക്കുന്നതോടൊപ്പം ചെടികളുടെ വളർച്ചയെയും ത്വരിതപ്പെടുത്തു.